**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 754** **28-01-2026 - ൽ മറുപടിയ്ക്ക്**

**അനെർട്ടിലെ അഴിമതി ആരോപണങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ഐ. സി. ബാലകൃഷ്ണൻ | | ശ്രീ . കെ . കൃഷ്ണൻകുട്ടി<br>(വൈദ്യുതി വകുപ്പ് മന്ത്രി) | |
| (എ) | അനെർട്ടിലെ വിവിധ പദ്ധതികളുമായി ബന്ധപ്പെട്ട ആരോപണങ്ങൾ സംബന്ധിച്ച് അന്വേഷിക്കാൻ കഴിഞ്ഞ ഒരു വർഷത്തിനുള്ളിൽ എത്ര കമ്മിറ്റികളെയാണ് ഊർജ്ജ വകുപ്പ് നിയമിച്ചിരുന്നത്; ഈ കമ്മിറ്റികളെ നിയമിച്ച ഉത്തരവുകളുടെയും അവർ സമർപ്പിച്ച റിപ്പോർട്ടുകളുടെയും പകർപ്പുകൾ ലഭ്യമാക്കാമോ; റിപ്പോർട്ടിന്മേൽ സ്വീകരിച്ച നടപടികളുടെ വിശദാംശങ്ങൾ വ്യക്തമാക്കാമോ? | (എ) | രണ്ട്. അട്ടപ്പാടി മേഖലയിലെ താഴെത്തുടുക്കി, മേലേത്തുടുക്കി എന്നീ ആദിവാസി നഗറുകളിൽ സോളാർ-വിൻഡ് ഹൈബ്രിഡ് സൗരോർജ്ജ നിലയങ്ങൾ സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട ആരോപണങ്ങളെ സംബന്ധിച്ച് അന്വേഷണം നടത്തുന്നതിന് 21.04.2025-ലെ സ. ഉ. (സാധാ) 89/2025/ഊ.വ. നമ്പർ ഉത്തരവ് പ്രകാരം ഒരു കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. (പകർപ്പ് **അനുബന്ധം 1** ആയി ചേർക്കുന്നു.) അന്തിമ റിപ്പോർട്ട് സമർപ്പിച്ചിട്ടില്ല.<br><br>കൂടാതെ അനെർട്ട് വഴി നടപ്പിലാക്കിയ പി. എം. കുസും പദ്ധതികളെ കുറിച്ച് പത്രമാദ്ധ്യമങ്ങളിലും മറ്റും വരുന്ന ആരോപണങ്ങളെ കുറിച്ച് അന്വേഷിക്കുന്ന തിനായി 25.10.2025 ന് സ.ഉ. (സാധാ) 221/2025/ഊ.വ. ഉത്തരവ് പ്രകാരം ഒരു കമ്മിറ്റിയും രൂപീകരിച്ചിട്ടുണ്ട്. (പകർപ്പ് **അനുബന്ധം 2** ആയി ചേർക്കുന്നു.) പ്രസ്തുത കമ്മിറ്റി റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. റിപ്പോർട്ട് പരിശോധനയിലാണ്. |

സെക്ഷൻ ഓഫീസർ

"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

ഊർജ്ജ വകുപ്പ് - അട്ടപ്പാടി മേഖലയിലെ താഴെത്തുടുക്കി, മേലേതുടുക്കി എന്നീ ആദിവാസി നഗറുകളിൽ സോളാർ-വിൻഡ് ഹൈബ്രിഡ് സൗരോർജ്ജ നിലയങ്ങൾ സ്ഥാപിച്ചതുമായി ബന്ധപ്പെട്ട നടപടിക്രമങ്ങളിലും മറ്റും ഉണ്ടായ വീഴ്ചകൾ - അന്വേഷണം - കമ്മിറ്റിയെ നിയമിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

**ഊർജ്ജ (പി എസ് ) വകുപ്പ്**

G.O.(Rt)No.89/2025/POWER തീയതി,തിരുവനന്തപുരം, 21-04-2025

പരാമർശം:- 11/04/2025 ലെ ബഹു. വൈദ്യുതി വകുപ്പ് മന്ത്രിയുടെ 183/M(Ele)/N/2025 നമ്പർ കുറിപ്പ്

**ഉത്തരവ്**

അട്ടപ്പാടി മേഖലയിലെ താഴെത്തുടുക്കി, മേലേതുടുക്കി എന്നീ ആദിവാസി നഗറുകളിൽ സോളാർ-വിൻഡ് ഹൈബ്രിഡ് സൗരോർജ്ജ നിലയങ്ങൾ സ്ഥാപിച്ചതുമായി ബന്ധപ്പെട്ട നടപടിക്രമങ്ങളിലും മറ്റും ഉണ്ടായ വീഴ്ചകൾ മൂലം സാമ്പത്തിക നഷ്ടമുണ്ടായതായി ആരോപണങ്ങൾ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിരിക്കുന്ന സാഹചര്യത്തിൽ പ്രസ്തുത വിഷയം സംബന്ധിച്ച് അന്വേഷണം നടത്തുന്നതിനായി താഴെപ്പറയുന്ന പ്രകാരം ഒരു കമ്മിറ്റി രൂപീകരിച്ച് ഉത്തരവാകുന്നു.

ജോയിന്റ് സെക്രട്ടറി, ഊർജ്ജ വകുപ്പ് - അധ്യക്ഷൻ

ഡയറക്ടർ, എനർജി മാനേജ്മെന്റ് സെന്റർ - അംഗം

ഡെപ്യൂട്ടി ചീഫ് എഞ്ചിനീയർ (REES), കെ.എസ് .ഇ.ബി.എൽ - അംഗം

**2.** ടി കമ്മിറ്റി പ്രസ്തുത അന്വേഷണ റിപ്പോർട്ട് രണ്ടാഴ്ചക്കകം സർക്കാരിന് ലഭ്യമാക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
K R JYOTHILAL
ADDITIONAL CHIEF SECRETARY

ജോയിന്റ് സെക്രട്ടറി, ഊർജ്ജ വകുപ്പ്
ഡയറക്ടർ, എനർജി മാനേജ്മെന്റ് സെന്റർ
ഡെപ്യൂട്ടി ചീഫ് എഞ്ചിനീയർ(REES), കെ.എസ്.ഇ.ബി.എൽ, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ & ഇ/ഓഡിറ്റ്), കേരള, തിരുവനന്തപുരം
കരുതൽ ശേഖരം

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

പകർപ്പ്:

ബഹു. വൈദ്യുതി വകുപ്പ് മന്ത്രിയുടെ അഡിഷണൽ പ്രൈവറ്റ് സെക്രട്ടറിക്ക്

ഊർജ്ജ വകുപ്പ് അഡിഷണൽ ചീഫ് സെക്രട്ടറിയുടെ പി.എ യ്ക്ക്

# GOVERNMENT OF KERALA

## Abstract

Power Department -Allegations appeared in the media against the projects implemented by ANERT - Enquiry Committee - Modified - Orders issued.

---

## POWER (PS) DEPARTMENT

G.O.(Rt)No.221/2025/POWER Dated,Thiruvananthapuram, 25-10-2025

---

Read 1 Note No. 228/M (Ele)/ADP/N/2025 dated 14/07/2025 from the APS to Hon'ble Minister for Electricity.

2 G.O.(Rt)No.198/2025/POWER Dated 03-10-2025

3 G.O.(Rt)No.218/2025/POWER Dated 21-10-2025

## ORDER

The Government orders read as 1st and 2nd papers above, issued for conducting an enquiry into the allegations appeared in the media regarding the projects implemented by ANERT, are hereby modified with the composition of the Committee as follows:

1. Shri. Harshil R. Meena, IAS, CEO (ANERT )– *Chairman*
2. Shri. Biju R , Director (Finance), KSEBL – *Member*
3. Shri.Jenshar B, Under Secretary, Power Department – *Member*

The Government orders read as 2nd and 3rd papers above stand modified to this extent.

To:
Shri. Harshil R. Meena, IAS, Chief Executive Officer (ANERT)
Shri. Biju R, Director, (Finance) KSEBL
Shri. Jenshar B, Under Secretary, Power Department, Government Secretariat,Thiruvananthapuram
Stock File

Forwarded /By order

Section Officer

Copy to:

The APS to Hon'ble Minister for Electricity

The PA to Additional Chief Secretary (Power)